പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 1406 | 03/10/2016 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**<u>കാത്ത് ലാബുകൾ</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ഡോ.എൻ. ജയരാജ്** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് കാത്ത് ലാബുകൾ അനുവദിച്ചിട്ടുണ്ടോ; | എ) | 10 കാത്ത് ലാബുകൾ മാന്ദ്യവിരുദ്ധപാക്കേജിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. |
| ബി) | കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ പ്രഖ്യാപിച്ച കാത്ത് ലാബ് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ; | ബി) | കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ മാന്ദ്യവിരുദ്ധപാക്കേജിൽ ഉൾപ്പെടുത്തിയാണ് കാത്ത്ലാബ് അനുവദിച്ചിട്ടുള്ളത്.പ്രസ്തുത ഫണ്ട് ലഭിക്കുന്ന തീയതി മുതൽ ആറുമാസകാലയളവിൽ കാത്ത് ലാബ് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| സി) | ഇതിന് എത്ര തുക ആവശ്യമായി വരുമെന്ന് വ്യക്തമാക്കാമോ; | സി) | കാത്ത്ലാബ് ഉപകരണങ്ങളും അവ സ്ഥാപിക്കുന്നതിനാവശയമായ സിവിൽ, ഇലക്ട്രിക്കൽ വർക്കിന്റെ തുകയും ചേർത്ത് ഏകദേശം 8 കോടി രൂപ ചെലവ് വരുന്നതാണ്. ഇതിൽ കാത്ത് ലാബും അതിനോട് ചേർന്ന് ആവശ്യമായ ക്രിറ്റിക്കൽ കെയർ യൂണിറ്റും ഉൾപ്പെടുന്നതാണ്. |
| ഡി) | ഇതിന് ആവശ്യമായ അധിക തസ്തികകൾ അനുവദിക്കുമോ? | ഡി) | ആരോഗ്യവകുപ്പിനുകീഴിലുള്ള വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ അധികതസ്തിക സൃഷ്ടിക്കുന്ന തിനുള്ള സമാഹൃത പ്രൊപ്പോസൽ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അതിൽ കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയേയും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ